# CURRENT AFFAIRS 29 APR 2025


▷ **ടുണീഷ്യയുടെ തലസ്ഥാനമായ ടുണീസിൽ നടന്ന 2025 ലെ ഡബ്ല്യുടിടി കണ്ടൻഡർ ടുണീസ് ടേബിൾ ടെന്നീസിൽ മിക്സഡ് ഡബിൾസിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ ജോഡി**

മാനുഷ് ഷാ, ദിയ ചിറ്റാലെ

- ജാപ്പനീസ് ജോഡിയായ സോറ മാറ്റ്സുഷിമയെയും മിവ ഹരിമോട്ടോയെയും 3-2 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ ജോഡി കിരീടം സ്വന്തമാക്കിയത്.



മാനുഷ് ഷാ



ദിയ ചിറ്റാലെ

---

▷ **2025ലെ ദേശീയ പഞ്ചായത്ത് പുരസ്കാരത്തിൽ പഞ്ചായത്ത് ക്ഷമതാ നിർമാൺ സർവോത്തം സൻസ്ഥാൻ പുരസ്കാരം നേടിയത്**

കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)

- രണ്ടാമത്തെ തവണയാണ് കില പുരസ്കാരം സ്വന്തമാക്കുന്നത്.
- ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമത വർധിപ്പിക്കാനും, നൈപുണ്യവികസനത്തിനും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താനും നടത്തിയ ഇടപെടലുകളാണ് കിലയെ പുരസ്കാരത്തിന് അർഹമാക്കിയത്.

KILA
Kerala Institute of Local Administration

---

▷ **അടുത്തിടെ ദേശീയോദ്യാനമായി പ്രഖ്യാപിച്ച സിംലിപാൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനം**

ഒഡിഷ

- ഇന്ത്യയിലെ 107-ാമത്തെ ദേശീയോദ്യാനമാണ് സിംലിപാൽ.
- ഒഡിഷയിലെ രണ്ടാമത്തെ ദേശീയോദ്യാനമാണ് സിംലിപാൽ. ഭിതാർകനിക ആണ് ആദ്യത്തെ ദേശീയോദ്യാനം.

---

▷ **കരൾ സംരക്ഷണത്തിനായി ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ ആരംഭിച്ച രാജ്യത്തെ ആദ്യ സംസ്ഥാനം**

കേരളം

- കരൾ രോഗങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക, ചികിത്സ ഉറപ്പാക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തുടനീളം ജില്ലാതല ആശുപത്രികളിൽ ആരോഗ്യ വകുപ്പ് ഫാറ്റി ലിവർ ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുള്ളത്.



---

▷ **എയർ ഇന്ത്യ എക്സ്പ്രസിന്റെ പുതിയ ചെയർമാനായി നിയമിതനായത്**

നിപുൺ അഗർവാൾ



നിപുൺ അഗർവാൾ